"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ തസ്തികയിലെ ശ്രീമതി.ഒലീന.എ.ജി.-യുടെ പുനർനിയമനം- കാലയളവ് ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.ആർ.ബി)വകുപ്പ്

സ.ഉ.(സാധാ) നം.394/2025/LSGD തീയതി,തിരുവനന്തപുരം, 08-02-2025

പരാമർശം:- 1. 19.10.2016-ലെ സ.ഉ. (പി) നം.159/2016/ധന. നമ്പർ ഉത്തരവ്

2. 04.06.2022-ലെ സ.ഉ(സാധാ) നം.3403/2022/GEDN നമ്പർ ഉത്തരവ്

3 കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 15.05.2023, 23.05.2024 എന്നീ തീയതികളിലെ A2- 2360/22/ കേ.സം.സാ.മി.അ നമ്പർ കത്തുകൾ

ഉത്തരവ്

എം. ജി. കോളേജിൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്ന് വിരമിച്ച ശ്രീമതി. ഒലീന. എ.ജി. (ഫ്ലാറ്റ് നം.518, 5th ബ്ലോക്ക്, കെ എസ് എച്ച് ബി, ഇ. എം. എസ് നഗർ, പാറ്റൂർ, തിരുവനന്തപുരം-695035)-യ്ക്ക് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ പരാമർശം (2) ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്നു. തുടർന്ന്, സാക്ഷരതാ മിഷൻ ഡയറക്ടർ തസ്തികയിലെ ശ്രീമതി. ഒലീന.എ.ജി-യുടെ നിയമന കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം രണ്ട് പ്രകാരം സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ പുനർ നിയമന വ്യവസ്ഥയിൽ ഡയറക്ടർ ആയി നിയമിതയായ ശ്രീമതി. ഒലീന. എ.ജി തന്റെ നിയമന കാലാവധി ദീർഘിപ്പിയ്ക്കുന്നതിന് സർക്കാർ തീരുമാനത്തിനായി കാത്തു നിന്ന 04.06.2023 മുതൽ 03.06.2024 വരെയുള്ള കാലയളവ് സാധൂകരിച്ച് നൽകി കൊണ്ടും, പരാമർശ (1) ഉത്തരവ് പ്രകാരം അംഗീകരിച്ച ചുവടെ ചേർക്കുന്ന സേവന വേതന വ്യവസ്ഥകൾ പ്രകാരം ശ്രീമതി. ഒലീന. എ.ജി-യുടെ പുനർനിയമന സേവനകാലാവധി 04.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ

ശമ്പളത്തെ അധികരിക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പുനർനിയമന വേതനം = അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം - അടിസ്ഥാന പെൻഷൻ.

കൂടാതെ ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

ii) ടിയാൾ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന് പുനർനിയമനം ലഭിക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ HRA അനുവദിക്കാവുന്നതാണ്.

iii) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി പുനർനിയമന വേതനത്തിന് ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

iv) പെൻഷൻ ക്ഷാമാശ്വാസത്തിന് അർഹതയുണ്ട്.

v) വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ട്. എന്നാൽ stagnation ഇൻക്രിമെന്റിനും മറ്റൊരു ആനുകൂല്യങ്ങൾക്കും അർഹതയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

1)ശ്രീമതി. ഒലീന.എ.ജി, ഫ്ലാറ്റ് നം.518, 5th ബ്ലോക്ക് കെ എസ് എച്ച് ബി, ഇ എം എസ് നഗർ, പാറ്റൂർ , തിരുവനന്തപുരം -695035

2) ഡയറക്ടർ, കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റി. പേട്ട, തിരുവനന്തപുരം

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

4)പൊതുഭരണ (sc) വകുപ്പ്(ഇനം. നം.2672, തീയതി 05.02.2025)

5)ധനകാര്യ വകുപ്പ്(2874950/DEV-1/142/2024-FIN തീയതി 01.11.2024 പ്രകാരം)

6)വിദ്യാഭ്യാസ വകുപ്പ്( ERB/74/2023-GEDN തീയതി.28.05.2024 പ്രകാരം)

7)ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)

8)സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Dipukumar S L

Date: 10-02-2025 10:38:50

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-02-2025

ഫയൽ നം. ഇആർബി3/74/2023/തസ്വഭവ. ഇനം നം: 2672

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി. ഒലീന.എ.ജി.-യുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

Aml
6/2/25

JS(ERB) - Urgent pl

2672

# കേരള സർക്കാർ
# (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നം. | : | ഇആർബി3/74/2023/തസ്വഭവ |
| 2. | വകുപ്പ് | : | തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ് |
| 3. | വിഷയം | : | കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.ഒലീന.എ.ജി-യുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21/11/2024 |
| 5. | i. ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ?<br>ii.സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഷീജ.ആർ.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ഷർമിളാ മേരി ജോസഫ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 6/12/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/01/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.ബി.രാജേഷ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 31/01/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03/02/2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.ഒലീന.എ.ജി-യുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കേരളാ സർവകലാശാലക്ക് കീഴിലെ എം.ജി.കോളേജിൽ നിന്നും അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ വിരമിച്ച ശ്രീമതി.ഒലീന.എ.ജി-യെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ സ.ഉ (സാധാ) നം.3403/2022/GEDN തീയതി 04.06.2022 പ്രകാരം ഒരു വർഷത്തേക്ക് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം നിയമിച്ചിരുന്നു:-

i) പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പുനർനിയമന വേതനം = അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം - അടിസ്ഥാന പെൻഷൻ കൂടാതെ ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

ii) ടിയാരി അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന് പുനർനിയമനം ലഭിക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ HRA അനുവദിക്കാവുന്നതാണ്.

iii) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി പുനർനിയമന വേതനത്തിന് ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

iv) പെൻഷന് ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

v) വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ട്. എന്നാൽ stagnation ഇൻക്രിമെന്റിനും മറ്റൊരു ആനുകൂല്യങ്ങൾക്കും അർഹതയില്ല.

3. ടിയാളുടെ കാലാവധി 03.06.2023-ന് അവസാനിച്ചതിനാൽ നിയമനം നീട്ടുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് സാക്ഷരതാ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. ഇക്കാര്യത്തിൽ ഉത്തരവിനായി പൊതു വിദ്യാഭ്യാസ വകുപ്പ് ഫയൽ, സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

5. മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾപ്പെടുത്താൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം അറിയിച്ചു.

"ശ്രീമതി.ഒലീന.എ.ജി-യുടെ സാക്ഷരതാ മിഷൻ ഡയറക്ടർ ആയുള്ള സേവനം 04.06.2023 മുതൽ ദീർഘിപ്പിച്ചു നൽകുന്നതിന്മേൽ ഭരണ വകുപ്പ് ശുപാർശ ചെയ്തിരിക്കുന്ന ബഹു.മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി ടിയാരിയുടെ പുനർ നിയമന സേവന കാലാവധി 04.06.2023 മുതൽ ഒരു വർഷത്തേയ്ക്ക് 19.10.2016 ലെ സ.ഉ (പി) നം.159/2016/ധന പ്രകാരം അംഗീകരിച്ച സേവന വേതന വ്യവസ്ഥകൾ പാലിച്ചു ദീർഘിപ്പിച്ച് നൽകുവാൻ അനുവാദം നൽകാവുന്നതാണെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു".

6) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയെയും സാക്ഷരതാ പ്രേരക്മാരെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കികൊണ്ട് 22.09.2023 തീയതിയിലെ സ.ഉ(കൈ)നം.140/2023/പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിനാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിരുന്നു.

7) സാക്ഷരതാ മിഷൻ ഡയറക്ടർ ശ്രീമതി. ഒലീന. എ.ജി-യുടെ നിയമന കാലാവധി 04.06.2023 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുന്ന വിഷയം 28.11.2023-ൽ ചേർന്ന മന്ത്രിസഭായോഗത്തിൽ സമർപ്പിച്ചപ്പോൾ 'ഇക്കാര്യം പൊതുവിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച ശേഷം പുതുക്കിയ കുറിപ്പ് മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്' എന്ന് തീരുമാനിച്ചിരുന്നു.

8) ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

"ശ്രീമതി ഒലീന എ.ജി യുടെ സാക്ഷരതാ മിഷൻ ഡയറക്ടർ ആയുള്ള പുനർനിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് എതിർപ്പില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിക്കുന്നു "

9) എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ലഭിച്ചപ്പോഴേയ്ക്കും സാക്ഷരതാ മിഷൻ ഡയറക്ടറുടെ 04.06.2023 മുതലുള്ള ഒരു വർഷത്തെ കാലാവധി അവസാനിച്ചതിനാലും, ശ്രീമതി ഒലീന. എ. ജി സാക്ഷരതാ മിഷൻ ഡയറക്ടർ തസ്തികയിൽ തുടർന്ന് വന്നിരുന്നതിനാലും, അനുവാദം ലഭ്യമാകാതെ ഒരു വർഷം സാക്ഷരതാ മിഷൻ ഡയറക്ടർ തസ്തികയിൽ തുടർന്ന നടപടി സാധൂകരിക്കേണ്ടതുണ്ട്. 04/06/2024 മുതൽ ഒരു വർഷത്തേക്ക് കൂടി സേവനകാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള സാക്ഷരതാ മിഷൻ ഡയറക്ടറുടെ പ്രൊപ്പോസലിൽ ചുവടെ ചേർക്കും പ്രകാരം ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടു

"14.10.2020-ലെ സർക്കുലർ നം.530/SC1/2020/GA(SC), 30.10.2020-ലെ സർക്കുലർ നം.64/2020/Fin എന്നിവയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ച് ശ്രീമതി. ഒലീന. എ.ജി-യുടെ സാക്ഷരതാ മിഷൻ ഡയറക്ടറായുള്ള സേവനം 04.06.2024 മുതൽ ദീർഘിപ്പിച്ച് നൽകുന്നതിന്മേൽ ബഹു. മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി, ടിയാരിയുടെ പുനർനിയമന സേവനകാലാവധി 04.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് 19.10.2016-ലെ സ.ഉ. (പി) നം.159/2016/ധന പ്രകാരം അംഗീകരിച്ച സേവന വേതന വ്യവസ്ഥകൾ പാലിച്ചു ദീർഘിപ്പിച്ച് നൽകുവാൻ അനുവാദം നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

10) സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ശ്രീമതി. ഒലീന. എ.ജി-യ്ക്ക് എതിരെ വിജിലൻസ് കേസ്, വിജിലൻസ് അന്വേഷണം എന്നിവയൊന്നും നിലവിലില്ല എന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

11) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായ സഹിതം ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതിലേയ്ക്കായി ഫയൽ സർക്കുലേറ്റ് ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി

## തീരുമാനിക്കേണ്ട വിഷയം

04.06.2022-ലെ സ.ഉ (സാധാ) നം.3403/2022/GEDN ഉത്തരവ് പ്രകാരം സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ പുനർനിയമന വ്യവസ്ഥയിൽ ഡയറക്ടറായി നിയമിതയായ ശ്രീമതി. ഒലീന.എ.ജി തന്റെ നിയമന കാലാവധി ദീർഘിപ്പിയ്ക്കുന്നതിന് സർക്കാർ തീരുമാനത്തിനായി കാത്തു നിന്ന 04.06.2023 മുതൽ 03.06.2024 വരെയുള്ള കാലയളവ് സാധൂകരിച്ച് നൽകി 19.10.2016-ലെ സ.ഉ. (പി) നം.159/2016/ധന പ്രകാരം അംഗീകരിച്ച ചുവടെ ചേർക്കുന്ന സേവന വേതന വ്യവസ്ഥകൾ പ്രകാരം ശ്രീമതി. ഒലീന. എ.ജി-യുടെ പുനർനിയമന സേവനകാലാവധി 04.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കാമോ?

i) പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പുനർനിയമന വേതനം = അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം - അടിസ്ഥാന പെൻഷൻ കൂടാതെ ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

ii) ടിയാരി അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന് പുനർനിയമനം ലഭിക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ HRA അനുവദിക്കാവുന്നതാണ്.

iii) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി പുനർനിയമന വേതനത്തിന് ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

iv) പെൻഷൻ ക്ഷാമാശ്വാസത്തിന് അർഹതയുണ്ട്.

v) വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ട്. എന്നാൽ stagnation ഇൻക്രിമെന്റിനും മറ്റൊരു ആനുകൂല്യങ്ങൾക്കും അർഹതയില്ല.